# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1061</u>   <u>12.06.2014 -ലെ മറുപടിയ്ക്ക്.</u>**

**<u>ബാലരാമപുരം ഹയർ സെക്കണ്ടറി സ്കൂളിലെ സാമ്പത്തിക തിരിമറി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ഐ. സി. ബാലകൃഷ്ണൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ കോഷൻ ഡിപ്പോസിറ്റ്, സ്പെഷ്യൽ ഫീസ്, നിയമവിരുദ്ധമായി പി.ടി.എ. ഫണ്ട് കളക്ഷൻ എന്നീ ഇനത്തിൽ നടന്ന സാമ്പത്തിക അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ വകുപ്പ് ഡയറക്ടർ, സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടിയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ആഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഓഡിറ്റ് പ്രകാരം ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ട പ്രിൻസിപ്പളിനെതിരെ പ്രാധമികമായിപോലും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) ആരോപണ വിധേയയായ പ്രിൻസിപ്പൽ ശ്രീമതി ഇ.എസ്. നാരായണിയെ ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ചാലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലേക്ക് സർക്കാർ സ്ഥലം മാറ്റിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ കുറ്റക്കാരിയെന്ന് തെളിഞ്ഞാൽ നിയമാനുസൃത നടപടി അവർക്കെതിരെ സ്വീകരിക്കുന്നതാണ്. |
| (സി) ഗുരുതരമായ സാമ്പത്തിക കുറ്റം നടന്നിട്ടും ഉത്തരവാദികളെ അവരുടെ സ്ഥാനത്ത് തുടരുവാൻ അനുവദിക്കുന്നത് തെളിവ് നശിപ്പിക്കുന്നതിനും അന്വേഷണം | |

അട്ടിമറിക്കുന്നതിനും സാദ്ധ്യതയു
ണ്ടാക്കുമെന്നുള്ള വിവരം
വകുപ്പ് മേധാവി സർക്കാരിന്റെ ശ്രദ്ധ
യിൽ കൊണ്ടുവരാ ത്തതിന്റെ കാരണം
വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക തിരിമറി നടത്തിയതും വ്യാജരേഖ ചമച്ചതും സംബന്ധി ച്ച് വിവരങ്ങൾ വകുപ്പ് മേധാവി പോലീസിൽ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇല്ല. വകുപ്പുമേധാവി അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഇ) സാമ്പത്തിക തിരിമറി നടത്തിയ ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ഇ) ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് അക്കാദമിക് ജോയിന്റ് ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ടി സ്കൂളിൽ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

Udayakumar

സെക്ഷൻ ഓഫീസർ